പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി വിഭാഗം)
താഴത്തെ നില, ജഗതി
തിരുവനന്തപുരം- 695014
ഫോൺ:- 0471-2580709
e-mail: dirvhse.dge@kerala.gov.in

നമ്പർ: VHSE/947/2025-E7 19-05-2025

## പരിപത്രം

വിഷയം: - പൊതുവിദ്യാഭ്യാസം- വി.എച്ച്.എസ്.ഇ- ജീവനക്കാര്യം– ഗവൺ മെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടേയും ജീവനക്കാരുടേയും 2025-26 വർഷത്തെ പൊതുസ്ഥലംമാറ്റം-കരട് വേക്കൻസി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത്- സംബന്ധിച്ച്

സൂചന:- 1. 29/06/2021 തീയതിയിലെ സ.ഉ (കൈ) നം.152/2021/പൊ.വി.വ.സർക്കാർ ഉത്തരവ്.

2. 24/12/2021 തീയതിയിലെ സ.ഉ (കൈ) നം. 288/2021/പൊ.വി.വ.സർക്കാർ ഉത്തരവ്.

3. 06/11/2023 തീയതിയിലെ സ.ഉ (കൈ) നം. 170/2023/പൊ.വി.വ.സർക്കാർ ഉത്തരവ്.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിലെ തൊഴിലധിഷ്ഠിത ഹയർസെക്കൻഡറി വിഭാഗത്തിലെ വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ, നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ), വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ വിഭാഗം ജീവനക്കാരുടേയും അദ്ധ്യാപകരുടേയും 2025-26 ലെ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട ഒഴിവുകൾ സംബന്ധിച്ച് കരട് ലിസ്റ്റ് ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. ടി വേക്കൻസി ലിസ്റ്റുമായി ബന്ധപ്പെട്ട പരാതികൾ 24.05.2025 വൈകുന്നേരം 5.00 മണിയ്ക്കകം താഴെപ്പറയുന്ന മെയിലുകളിലേയ്ക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്. ഓരോ പരാതിയും പ്രത്യേകമായി അയയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| തസ്തിക | ഇ-മെയിൽ ഐ.ഡി |
|---|---|
| വൊക്കേഷണൽ ടീച്ചർ | dvhsee1@gmail.com |
| നോൺ വൊക്കേഷണൽ ടീച്ചർ | dvhsee7@gmail.com |
| നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ) | dvhsee4@gmail.com |
| വൊക്കേഷണൽ ഇൻസ്ട്രക്ടർ | dvhsee6@gmail.com |
| ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് | dvhsee9@gmail.com |

1. 2025 മെയ് 31ന് ഒരു ജില്ലയിൽ തുടർച്ചയായി മൂന്നുവർഷമോ അതിലധികമോ ആയി തുടരുന്ന (സൂപ്പർന്യൂമററി തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ തസ്തികകൾ ഒഴികെയുള്ളവരുടെ) എല്ലാ ജീവനക്കാരുടെയും അധ്യാപകരുടെയും തസ്തികകൾ ഓപ്പൺ വേക്കൻസികൾ ആയിരിക്കും. പ്രത്യേക മുൻഗണന പ്രകാരം തുടരുന്ന എല്ലാ വിഭാഗം

ജീവനക്കാരും അധ്യാപകരും ഒരു ജില്ലയിൽ തുടർച്ചയായി 2025 മെയ് 31ന് മൂന്നു വർഷമോ അതിലധികമോ ആയി ജോലി ചെയ്യുന്നുവെങ്കിൽ ടി തസ്തികകളും ഓപ്പൺ വേക്കൻസികളായി കണക്കാക്കും. ടി അധ്യാപകരും ജീവനക്കാരും, ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരം പ്രത്യേക മുൻഗണനയ്ക്ക് വീണ്ടും അർഹത ഉള്ളവരാണെങ്കിൽ, ഓൺലൈൻ പൊതു സ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കുന്ന സമയത്ത്, ടി കാര്യം അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും, അർഹതയുള്ള പക്ഷം, ടി ജീവനക്കാരേയും അധ്യാപകരേയും പ്രത്യേക മുൻഗണന സ്ഥലം മാറ്റത്തിനായി അപേക്ഷയ്ക്കനുസരിച്ച് പരിഗണിക്കുന്നതുമാണ്.5 വർഷത്തിലധികമായി തുടർച്ചയായോ അല്ലാതെയോ ഹോം സ്റ്റേഷനിൽ തുടരുന്നവരുടെ തസ്തിക പ്രത്യേക മുൻഗണന പ്രകാരം വീണ്ടും പരിഗണിക്കുന്നതല്ല.

2. 2022-23 ലെ അനുകമ്പാർഹ സ്ഥലംമാറ്റം ലഭിച്ച് തുടർന്നു വരുന്നതും പിന്നീട് 2024-25ലെ അനുകമ്പാർഹ സ്ഥലംമാറ്റം ലഭിക്കുകയും ചെയ്ത എല്ലാ ജീവനക്കാരുടെയും തസ്തികകൾ ഓപ്പൺ വേക്കൻസികൾ ആയിരിക്കും. ടി ജീവനക്കാർക്ക് 2025-26 വർഷത്തിലെ അനുകമ്പാർഹ സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്നതിനായി 01/06/2024 -ന് ശേഷം ലഭിച്ച മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.2024-25ലെ പൊതുസ്ഥലം മാറ്റത്തിൽ പുതുതായി അനുകമ്പാർഹ സ്ഥലംമാറ്റം ലഭിച്ചവരുടെ തസ്തികകൾ ഓപ്പൺ വേക്കൻസി ആകുന്നതല്ല. എന്നാൽ ടി ജീവനക്കാർക്ക് നിലവിൽ അനുകമ്പാർഹ കാരണങ്ങൾ നിലനിൽക്കുന്നില്ലായെങ്കിൽ ടി ജീവനക്കാരുടെ വിവരങ്ങൾ dirvhsesao@gmail.comലേയ്ക്ക് മെയിൽ ചെയ്യേണ്ടതാണ്.

3. 2024-25ലെ പൊതുസ്ഥലം മാറ്റത്തിനുശേഷം അന്യത്ര സേവനം, ശൂന്യവേതനാവധി എന്നിവ കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിച്ചവരുടെയും,അച്ചടക്ക നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി സ്ഥലംമാറ്റം ചെയ്യപ്പെട്ടവർ (ഉത്തരവിലെ നിബന്ധനകൾ അനുസരിച്ച്), സസ്പെൻഷൻ കാലയളവ് കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിച്ചവർ (ഉത്തരവിലെ നിബന്ധനകൾ അനുസരിച്ച്) എന്നിവരുടെയും തസ്തികകൾ ഓപ്പൺ വേക്കൻസികൾ ആയിരിക്കും. By transfer / By promotion/പുതുതായി ജോലിയിൽ പ്രവേശിച്ചവർ എന്നിവർ ടി തസ്തികകളിൽ നിലവിൽ 3 വർഷം പൂർത്തിയായിട്ടില്ലെങ്കിൽ ടി തസ്തികകൾ ഓപ്പൺ വേക്കൻസി ആയിരിക്കുന്നതാണ്.

4. 2024-25 ലെ പൊതുസ്ഥലം മാറ്റത്തിന് ശേഷം ക്രമീകരണ സ്ഥലംമാറ്റം നൽകിയ എല്ലാ തസ്തികകളും ഓപ്പൺ വേക്കൻസികൾ ആയിരിക്കും. 2024-25ലെ ക്രമീകരണ സ്ഥലംമാറ്റ ഉത്തരവുകൾ, 2024-25ലെ പൊതുസ്ഥലം മാറ്റത്തോടനുബന്ധിച്ച് ഉണ്ടായ കേസുകൾ തീർപ്പാക്കിയതിന്റെ ഉത്തരവുകൾ, 2024-25ലെ പൊതുസ്ഥലം മാറ്റം സംബന്ധിച്ച പരാതികളിന്മേൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവയിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾ പ്രകാരം ആയിരിക്കും അത്തരത്തിലുള്ള ഒഴിവുകൾ കണക്കാക്കിയിരിക്കുന്നത്.

5. 2024-25ലെ പൊതുസ്ഥലം മാറ്റത്തിൽ പ്രസവാവധിയുടെ ആനുകൂല്യം ലഭിച്ചവരുടെ തസ്തികകൾ ഓപ്പൺ വേക്കൻസികൾ ആയിരിക്കും.

6. ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ Actual Designation എന്നത് ടി ജീവനക്കാരുടെ നിയമന ഉത്തരവിൽ സൂചിപ്പിച്ചിരിക്കുന്ന കോഴ്സ് / നിയമന ഉത്തരവിൽ കോഴ്സ് രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ പഠിച്ച VHSE കോഴ്സ് ആണ്. ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാർ നിലവിൽ അവരുടെ Actual Designation ൽ ഉൾപ്പെട്ട തസ്തികയിൽ അല്ല ജോലി ചെയ്യുന്നതെങ്കിൽ, ടി തസ്തികകൾ ഓപ്പൺ വേക്കൻസികൾ ആയിരിക്കും.

7. സൂചന (1) ഉത്തരവിലെ ഖണ്ഡിക 1(ii),സൂചന (3) ഉത്തരവിലെ ഖണ്ഡിക 2(i) പ്രകാരമുള്ള ഗ്രൂപ്പുകളിൽ ഉൾപ്പെട്ട വിഷയങ്ങളുടെ വൊക്കേഷണൽ ടീച്ചർ, വൊക്കേഷണൽ ഇൻസ്ട്രക്ടർ, ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരുടെ പോസ്റ്റ് ഒരു കോഴ്സ് ഗ്രൂപ്പായി പരിഗണിച്ചാണ് വേക്കൻസി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

8. നിലവിൽ പ്രസവാവധിയിൽ പ്രവേശിച്ചവർ 60% -ൽ അധികം ഭിന്നശേഷിയുള്ളവർ എന്നിവർ നിലവിൽ ജോലി ചെയ്യുന്ന സ്കൂളുകളിൽ തുടരാൻ ആഗ്രഹിക്കുന്നുണ്ടെന്ന വിവരം പോർട്ടലിൽ നൽകിയിട്ടുണ്ടെങ്കിൽ അത്തരം തസ്തികയിൽ ഒഴിവുകൾ കാണിക്കുകയില്ല.

9. കരട് വേക്കൻസി ലിസ്റ്റിൽ വേക്കൻസിയായി കാണിക്കാതെ ഒഴിവുകൾ മറച്ചു വെച്ചതായി പിന്നീട് ബോധ്യപ്പെട്ടാൽ, ബന്ധപ്പെട്ട പ്രിൻസിപ്പാൾ ചുമതലയുള്ള അധ്യാപകനെതിരെയും, ബന്ധപ്പെട്ട ജീവനക്കാരനെതിരെയും അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

10. സ്കൂൾ പ്രിൻസിപ്പാൾമാരും അദ്ധ്യാപകരും ജീവനക്കാരും www.vhseportal.kerala.gov.in എന്ന പോർട്ടലിൽ നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് കരട് വേക്കൻസി ലിസ്റ്റ് തയ്യാറാക്കിയരിക്കുന്നത്. സ്കൂളുകളിൽ നിന്നും തെറ്റായ വിവരങ്ങൾ നൽകിയിട്ടുണ്ടെങ്കിൽ കരട് വേക്കൻസി ലിസ്റ്റിൽ തെറ്റുകൾ കടന്നു കൂടിയിട്ടുണ്ടാകാം. ആയതിനാൽ, പൊതുസ്ഥലംമാറ്റത്തിന് ഓപ്ഷനുകൾ നൽകുമ്പോൾ പരമാവധി ഓപ്ഷനുകൾ നൽകാൻ അദ്ധ്യാപകരും ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**Signed by Nishant V**
**Date: 19-05-2025 20:25:17**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ(ic)**

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

**ഉള്ളടക്കം:**

- Draft list of 3 year completed/Conditional/Other Vacancies of NVT,VT,NVT Junior,VI
    1. ഗ്രൂപ്പ് ചെയ്യപ്പെടാത്ത പോസ്റ്റുകളിലെ ഒഴിവുകളുടെ ലിസ്റ്റ്
    2. ഗ്രൂപ്പ് ചെയ്യപ്പെട്ട പോസ്റ്റുകളിലെ ഒഴിവുകളുടെ ലിസ്റ്റ് (ഗ്രൂപ്പ് ചെയ്യപ്പെട്ട പോസ്റ്റുകളുടെ വിവരങ്ങൾ ലിസ്റ്റിന്റെ അവസാനം ഉൾപ്പെടുത്തിയിട്ടുണ്ട്)
- Draft list of 3 year completed/Conditional/Other Vacancies of LTA
- Draft list of fresh PSC Appointees

- School wise post count – സ്കൂളിലെ എല്ലാ തസ്തികകളും ഉൾപ്പെടുത്തിയ ലിസ്റ്റ്.

പകർപ്പ് –

1. ഡയറക്ടർ, എൻ.ഐ.സി, തിരുവനന്തപുരം.
2. എല്ലാ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (കരട് വേക്കൻസി ലിസ്റ്റ് സമയബന്ധിതമായി താങ്കളുടെ മേഖലയിലെ എല്ലാ ഗവൺമെന്റ് സ്കൂൾ പ്രിൻസിപ്പൽമാർക്കും ലഭ്യമാക്കേണ്ടതാണ്).
3. എല്ലാ ഗവൺമെന്റ് സ്കൂൾ പ്രിൻസിപ്പൽമാർക്കും (താങ്കളുടെ സ്കൂളിലെ എല്ലാ അദ്ധ്യാപകർക്കും, ജീവനക്കാർക്കും കരട് വേക്കൻസി ലിസ്റ്റ് ലഭ്യമാക്കേണ്ടതാണ്)
4. www.vhseportal.kerala.gov.in (പ്രസിദ്ധീകരണത്തിനായി)
5. കരുതൽ ഫയൽ/ഓഫീസ് കോപ്പി.